**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 714** | **28-01-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതി പൂർത്തീകരിക്കുമ്പോൾ ലഭിക്കുന്ന ഭൗതിക നേട്ടം, ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 27,00,000/- രൂപ ചിലവിൽ 58 kW സ്ഥാപിത ശേഷിയിൽ 8 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ, പി എം കുസും പദ്ധതിയിൽ ഉൾപ്പെടുത്തി 2,27,60,000/- രൂപ ചിലവിൽ 400 kW സ്ഥാപിത ശേഷിയിൽ ഒരു സോളാർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമേ, ടി മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,39,450/- രൂപ ചിലവിൽ 5 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.<br><br>മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ പൊതുജനങ്ങൾക്ക് ഇലക്ട്രിക്ക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് മഞ്ചേശ്വരം, ഉപ്പള, വോർക്കാടി കുമ്പള, പെർള എന്നീ ഇലക്ട്രിക്ക് സെക്ഷൻ പരിധികളിലാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നത്.<br><br>മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ വിതരണ വിഭാഗം മുഖേന നടത്തിയ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>• ദ്യുതി പദ്ധതി - 72.32 കോടി<br>• ദ്യുതി സ്പെഷ്യൽ - 74 കോടി<br>• RDSS പദ്ധതി - 3.2 കോടി<br><br>പദ്ധതി പൂർത്തികരിക്കുമ്പോൾ ലഭിക്കുന്ന ഭൗതിക നേട്ടം മികച്ച വോൾട്ടേജിൽ തടസ്സമില്ലാത്ത വൈദ്യുതി നൽകുന്നതിനും വൈദ്യുതി ശൃംഖല ശാക്തീകരിക്കുന്നതിനും കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.<br><br>ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി: |

- ദ്യുതി പദ്ധതിയിൽ 9 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.
- ദ്യുതി സ്പെഷ്യൽ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി.
- RDSS പദ്ധതിയുടെ 75 % പ്രവൃത്തിയും പൂർത്തീകരിച്ചു.

വരും വർഷങ്ങളിൽ 63.32 കോടി രൂപയുടെ പ്രവൃത്തി ദ്യുതി പദ്ധതിയിലും 74 കോടി രൂപയുടെ പ്രവൃത്തി ദ്യുതി സ്പെഷ്യൽ പദ്ധതിയിലും RDSS പദ്ധതിയിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ആകെ പദ്ധതികളും പൂർത്തിയായ പദ്ധതികളും പൂർത്തീകരിക്കാനുള്ള പദ്ധതികളും **അനുബന്ധം-I** ആയി ചേർത്തിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രസരണ വിഭാഗം മുഖേനെ നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ് മഞ്ചേശ്വരം (PM കുസുമം 400 കിലോവാട്ട്). അനുവദിച്ച തുക 227.6 ലക്ഷം രൂപ. പ്രതിദിനം 1400-1600 യൂണിറ്റ് വരെ വൈദ്യുതി ഉത്പാദനം നടക്കുന്നു. 16.02.2024-ന് കമ്മീഷൻ ചെയ്തു. കാർഷിക മേഖലയ്ക്ക് ഉപകാരപ്പെടാവുന്ന രീതിയിൽ പി.എം. കുസും പദ്ധതിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുക വഴി ടി പ്രദേശത്തു സ്ഥിരതയുള്ള വോൾട്ടേജിൽ വൈദ്യുതി ലഭ്യമാക്കാൻ സാധിച്ചു. വ്യവസായിക ആവശ്യങ്ങൾക്കും സഹായകമായി.
2. മഞ്ചേശ്വരം 110കെ വി സബ്സ്റ്റേഷനിൽ പുതിയ 12.5 എം വി എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി. അനുവദിച്ച തുക 245 ലക്ഷം. സബ്സ്റ്റേഷന്റെ ശേഷി 22.5 എം വി എ യിൽ നിന്നും 35 എം വി എ ആയി ഉയർത്തി. ടി പ്രദേശത്തു 25000-ഓളം വരുന്ന ഉപഭോക്താക്കൾക്ക് വോൾട്ടജ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചു. ഉപഭോക്താക്കൾക്ക് സ്ഥിരതയുള്ളതും ഗുണമേന്മയുള്ളയും തടസ്സരഹിതവുമായ വൈദ്യുതി നൽകുവാനും വിതരണ നഷ്ടം കുറക്കുവാനും സാധിച്ചു. ഭാവിയിലേക്കുള്ള വൈദ്യുതി ആവശ്യകതയും നിറവേറ്റാൻ കഴിയും.

3. 110കെ വി സബ്സ്റ്റേഷൻ അനന്തപുരം (വർക്ക് ഡെപ്പോസിറ്റ് സ്കീം), സാങ്കേതിക പഠനം പൂർത്തിയായി.
   ഡി പി ആർ അംഗീകരിക്കാനുള്ള നടപടികൾ നടന്നു വരുന്നു.
4. നിലവിലുള്ള അനന്തപുരം 33 കെ വി സബ്സ്റ്റേഷനിൽ പുതുതായി ഒരു 33/11 കെ വി 8 എം വി എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി - സാങ്കേതിക പഠനം പൂർത്തിയായി.
5. വൊർക്കാടിയിൽ പുതുതായി ഒരു **33**കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം - സാങ്കേതിക പഠനം പൂർത്തിയായി**.**

**<u>അനെർട്ട്</u>**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ അനെർട്ട് മുഖേന **3** സ്ഥാപനങ്ങളിലായി ആകെ **35** കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു**.** വിശദാംശങ്ങൾ **അനുബന്ധം-II** ആയി ചേർത്തിരിക്കുന്നു**.**

രാജ്യത്തെ കർഷകർക്ക് ജലസേചന ആവശ്യത്തിനുള്ള പമ്പുകൾ സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേനെ സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ്-RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിന്റെ കീഴിൽ വോർക്കാടി, മഞ്ചേശ്വരം, പുത്തിഗെ, മീഞ്ച, എൻമകജെ കൃഷി ഭവനുകളിൽ 718 പമ്പുകൾ സൗരോർജ്ജവത്കരിക്കാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്, ഇതിൽ 342 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും, 218 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | അനെർട്ട് നടപ്പിലാക്കുന്ന പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) കാസറഗോഡ് ജില്ലയിലെ 986 പമ്പുകൾ സൗരോർജ്ജവത്കരിക്കുന്നതിന് വേണ്ടി 24.2 കോടി രൂപ നബാർഡ് RIDF ലോൺ വഴി അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തികരിക്കുമ്പോൾ കർഷകർക്ക് ഹരിത ഊർജ്ജ ഉൽപാദകരാകുവാൻ സാധിക്കുന്നു.<br><br>വരും വർഷങ്ങളിലും കാർഷിക പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.<br><br>**<u>എനർജി മാനേജ്മെന്റ് സെന്റർ</u>**<br><br>നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി കാസർഗോഡ് ജില്ലയിൽ തെരഞ്ഞെടുത്ത പുത്തിഗെ പഞ്ചായത്തിലെ 23 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 23 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 2,16,039/-രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്. |
| (ബി) | വരും വർഷങ്ങളിൽ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 27,00,000/- രൂപ ചിലവിൽ 58 kW സ്ഥാപിത ശേഷിയിൽ 8 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ, പി എം കുസും പദ്ധതിയിൽ ഉൾപ്പെടുത്തി 2,27,60,000/- രൂപ ചിലവിൽ 400 kW സ്ഥാപിത ശേഷിയിൽ ഒരു സോളാർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമേ, ടി മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,39,450/- രൂപ ചിലവിൽ 5 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.<br><br>മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ പൊതുജനങ്ങൾക്ക് ഇലക്ട്രിക്ക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് മഞ്ചേശ്വരം, ഉപ്പള, വോർക്കാടി കുമ്പള, പെർള എന്നീ ഇലക്ട്രിക്ക് സെക്ഷൻ പരിധികളിലാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നത്. |

മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ വിതരണ വിഭാഗം മുഖേന നടത്തിയ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

- ദ്യുതി പദ്ധതി - 72.32 കോടി
- ദ്യുതി സ്പെഷ്യൽ - 74 കോടി
- RDSS പദ്ധതി - 3.2 കോടി

പദ്ധതി പൂർത്തികരിക്കുമ്പോൾ ലഭിക്കുന്ന ഭൗതിക നേട്ടം മികച്ച വോൾട്ടേജിൽ തടസ്സമില്ലാത്ത വൈദ്യുതി നൽകുന്നതിനും വൈദ്യുതി ശൃംഖല ശാക്തീകരിക്കുന്നതിനും കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.

ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി:

- ദ്യുതി പദ്ധതിയിൽ 9 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.
- ദ്യുതി സ്പെഷ്യൽ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി.
- RDSS പദ്ധതിയുടെ 75 % പ്രവൃത്തിയും പൂർത്തീകരിച്ചു.

വരും വർഷങ്ങളിൽ 63.32 കോടി രൂപയുടെ പ്രവൃത്തി ദ്യുതി പദ്ധതിയിലും 74 കോടി രൂപയുടെ പ്രവൃത്തി ദ്യുതി സ്പെഷ്യൽ പദ്ധതിയിലും RDSS പദ്ധതിയിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ആകെ പദ്ധതികളും പൂർത്തിയായ പദ്ധതികളും പൂർത്തീകരിക്കാനുള്ള പദ്ധതികളും **അനുബന്ധം-I** ആയി ചേർത്തിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രസരണ വിഭാഗം മുഖേനെ നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ് മഞ്ചേശ്വരം (PM കുസുമം 400 കിലോവാട്ട്). അനുവദിച്ച തുക 227.6 ലക്ഷം രൂപ. പ്രതിദിനം 1400-1600 യൂണിറ്റ് വരെ വൈദ്യുതി ഉത്പാദനം നടക്കുന്നു. 16.02.2024-ന് കമ്മീഷൻ ചെയ്തു. കാർഷിക മേഖലയ്ക്ക് ഉപകാരപ്പെടാവുന്ന രീതിയിൽ പി.എം. കുസും പദ്ധതിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുക വഴി ടി പ്രദേശത്തു സ്ഥിരതയുള്ള വോൾട്ടേജിൽ വൈദ്യുതി ലഭ്യമാക്കാൻ സാധിച്ചു.

വ്യവസായിക ആവശ്യങ്ങൾക്കും സഹായകമായി.

2. മഞ്ചേശ്വരം 110കെ വി സബ്സ്റ്റേഷനിൽ പുതിയ 12.5 എം വി എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി. അനുവദിച്ച തുക 245 ലക്ഷം. സബ്സ്റ്റേഷന്റെ ശേഷി 22.5 എം വി എ യിൽ നിന്നും 35 എം വി എ ആയി ഉയർത്തി. ടി പ്രദേശത്തെ 25000-ഓളം വരുന്ന ഉപഭോക്താക്കൾക്ക് വോൾട്ടേജ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചു. ഉപഭോക്താക്കൾക്ക് സ്ഥിരതയുള്ളതും ഗുണമേന്മയുള്ളയും തടസ്സരഹിതവുമായ വൈദ്യുതി നൽകുവാനും വിതരണ നഷ്ടം കുറക്കുവാനും സാധിച്ചു. ഭാവിയിലേക്കുള്ള വൈദ്യുതി ആവശ്യകതയും നിറവേറ്റാൻ കഴിയും.
3. 110കെ വി സബ്സ്റ്റേഷൻ അനന്തപുരം (വർക്ക് ഡെപ്പോസിറ്റ് സ്കീം), സാങ്കേതിക പഠനം പൂർത്തിയായി.
   ഡി പി ആർ അംഗീകരിക്കാനുള്ള നടപടികൾ നടന്നു വരുന്നു.
4. നിലവിലുള്ള അനന്തപുരം 33 കെ വി സബ്സ്റ്റേഷനിൽ പുതുതായി ഒരു 33/11 കെ വി 8 എം വി എ ട്രാൻസ്ഫോർമർ സ്ഥാപിച്ചു ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി - സാങ്കേതിക പഠനം പൂർത്തിയായി.
5. വൊർക്കാടിയിൽ പുതുതായി ഒരു **33**കെ**.**വി സബ്സ്റ്റേഷന്റെ നിർമ്മാണം - സാങ്കേതിക പഠനം പൂർത്തിയായി**.**

**അനെർട്ട്**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ അനെർട്ട് മുഖേന **3** സ്ഥാപനങ്ങളിലായി ആകെ **35** കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു**.** വിശദാംശങ്ങൾ **അനുബന്ധം-II** ആയി ചേർത്തിരിക്കുന്നു**.**

രാജ്യത്തെ കർഷകർക്ക് ജലസേചന ആവശ്യത്തിനുള്ള പമ്പുകൾ സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേനെ സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര

| | | | |
|---|---|---|---|
| | | | സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ്-RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>ഈ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിന്റെ കീഴിൽ വോർക്കാടി, മഞ്ചേശ്വരം, പുത്തിഗെ, മീഞ്ച, എൻമകജെ കൃഷി ഭവനുകളിൽ 718 പമ്പുകൾ സൗരോർജ്ജവത്കരിക്കാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്, ഇതിൽ 342 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും, 218 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അനെർട്ട് നടപ്പിലാക്കുന്ന പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) കാസറഗോഡ് ജില്ലയിലെ 986 പമ്പുകൾ സൗരോർജ്ജവത്കരിക്കുന്നതിന് വേണ്ടി 24.2 കോടി രൂപ നബാർഡ് RIDF ലോൺ വഴി അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തികരിക്കുമ്പോൾ കർഷകർക്ക് ഹരിത ഊർജ്ജ ഉൽപാദകരാകുവാൻ സാധിക്കുന്നു.<br><br>വരും വർഷങ്ങളിലും കാർഷിക പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.<br><br>**<u>എനർജി മാനേജ്മെന്റ് സെന്റർ</u>**<br><br>നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി കാസർഗോഡ് ജില്ലയിൽ തെരഞ്ഞെടുത്ത പുത്തിഗെ പഞ്ചായത്തിലെ 23 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 23 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 2,16,039/-രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ആകെ പദ്ധതികൾ

| പദ്ധതിയുടെ ഇനം | ആകെ |
|---|---|
| Covered conductor (HT) | 22.63 Km |
| Covered Conductor (LT) | 2 Km |
| HT Line UG Cable | 6.79 Km |
| Reconductoring HT OH Line to ABC | 7.66 Km |
| HT Strucure Standardisation | 543 Nos |
| Transformer Standardisation | 205 Nos |
| LT Line stardarisation | 19.49 Km |
| Sing Phase to Three phase Convertion | 70.5 Km |
| Re conductoring LT Line | 328.9 Km |
| AB Switch installation | 137 Nos |
| Transformer Installation/Enhancement | 126 Nos |
| Construction of HT OH Line | 21.04 Km |
| Construction of HT ABC Line | 27.386 Km |
| LT Line Construction | 86 Km |
| ABC Line Construction | 54.49 Km |

## പൂർത്തിയായവ

| |
|---|
| Covered conductor (HT) 5.38 കി.മീ. |
| HT Line UG Cable 6.5 കി. മീ. |
| LT Line stardarisation 14.79 കി.മീ. |
| Sing Phase to Three phase Convertion 43.65 കി.മീ. |
| Re conductoring LT Line 111.255 കി.മീ. |
| Construction of HT OH Line 16.22 കി.മീ. |
| Construction of HT ABC Line 11.383 കി.മീ. |
| LT Line Construction 80.725 കി.മീ. |
| ABC Line Construction 17.415 കി.മീ. |
| AB Switch installation 88 എണ്ണം |
| Transformer Installation/Enhancement 70 എണ്ണം |
| HT Strucure Standardisation 258 എണ്ണം |
| Transformer Standardisation 155 എണ്ണം |

**പൂർത്തീകരിക്കാനുള്ളവ**

| പദ്ധതിയുടെ ഇനം | RDSS പദ്ധതി | ദ്യുതി പദ്ധതി | ആകെ |
|---|---|---|---|
| Covered conductor (HT) | 0 | 17.322 Km | 17.25 Km |
| Covered Conductor (LT) | 0 | 2 Km | 2 Km |
| HT Line UG Cable | 0 | 0.29 Km | 0.29 Km |
| Reconductoring HT OH Line to ABC | 0.675 Km | 4.96 Km | 5.635 Km |
| HT Strucure Standardisation | 0 | 285 Nos | 285 Nos |
| Transformer Standardisation | 0 | 50 Nos | 50 Nos |
| LT Line stardarisation | 0 | 4.7 Km | 4.7 Km |
| Sing Phase to Three phase Convertion | 0 | 26.55 Km | 26.85 Km |
| Re conductoring LT Line | 4.5 Km | 213.175 Km | 217.65 Km |
| AB Switch installation | 0 | 49 Nos. | 49 Nos |
| Transformer Installation/Enhancement | 3 | 53 Nos. | 56 Nos |
| Construction of HT OH Line | 0 | 4.82 Km | 4.82 Km |
| Construction of HT ABC Line | 1.855 Km | 8.587 Km | 16.003 Km |
| LT Line Construction | 0 | 5.275 Km | 5.275 Km |
| ABC Line Construction | 0 | 37.075 Km | 37.075 Km |

**അനുബന്ധം–II**

**ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ അനെർട്ട് മുഖേന സ്ഥാപിച്ച സൗരോർജ്ജ നിലയങ്ങളുടെ വിശദാംശങ്ങൾ**

| Project | Amount in Rs. | Benefit of project | Current status |
|---|---|---|---|
| Govindapai College off grid Solar power plant of capacity 10 kw | 11,52,793/- | Green Energy Promotion, Electricity bill reduction. | Commissioned |
| Pivalige Gramapanchayath building – Solar on grid power plant of capacity 15kw PV | 11,96,637/- | Green Energy Promotion, Electricity bill reduction | Commissioned |
| Vorkkady Gramapanchayath building – solar on grid power plant of capacity 10kw | 4,70,800/- | Green Energy Promotion, Electricity bill reduction | Installation completed, waiting for connectivity by KSEBL |